*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 45 A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**മെയ് 20, 2023**

# സംസ്കാരം, പരീക്ഷകൾ, മഴ നിർത്തുന്നു

## CULTURE, EXAMINATIONS, RAIN STOPPED

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം. സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

സ്വാമിയുടെ ബാല്യം മുതൽക്കേ വെളിപ്പെട്ടിരുന്ന, അവിടുത്തെ നാട്യപരമായ നൈപുണികളെപ്പറ്റി അറിയാനിടവരുമ്പോൾ നാം ശരിക്കും അതിശയിക്കുന്നു, ആവേശഭരിതരരാവുന്നു, സ്തബ്ധരാവുന്നു, പിൽക്കാലത്ത് അവിടുന്ന് അവയെ പ്രോത്സാഹിപ്പിക്കുകയുമുണ്ടായി-വിദ്യാർത്ഥികളിലെ സുകുമാരകലകളെ. ഈ ഉപാഖ്യാനങ്ങളിൽ നാം അറിഞ്ഞുകൊണ്ടിരിക്കുന്നത് അവയെക്കുറിച്ചാണ്.

ബുക്കപട്ടണത്തിൽവച്ച് പ്രദർശിപ്പിക്കപ്പെട്ട സ്വാമിയുടെ നൈപുണികളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ആകർഷിച്ചു കൊള്ളട്ടെ. ഒരു നൃത്തസംഘം ആ പ്രദേശം സന്ദർശിക്കാനിടയായി, അതിലെ മുഖ്യാകർഷണം ഒരു കൊച്ചു നർത്തകിയായിരുന്നു. ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും അവൾ സ്മരിക്കപ്പെടുന്നുണ്ട്, പക്ഷേ അവളുടെ പേരു സംബന്ധമായി തർക്കം നിലവിലുണ്ട്.
അവളൊരു പ്രത്യേക ഡാൻസിൽ വിദഗ്ദ്ധയായിരുന്നു. അന്തിമ ഇനമായി, ഒരു കുപ്പി അവളുടെ തലയിൽ ബാലൻസ് ചെയ്തുകൊണ്ട്, കുനിഞ്ഞ് തറയിൽനിന്ന് അവളുടെ പല്ലു കൊണ്ട് ഒരു ഹാൻഡ് കർച്ചീഫ് എടുക്കുമായിരുന്നു അവൾ. തനിക്കും അതേ ഡാൻസ് നമ്പർ ചെയ്യാനാവുമെന്നു തന്നെയല്ല, കുറേക്കൂടി പരിഷ്കരിച്ച് അത്

ചെയ്യാനാവുമെന്ന് സത്യൻ തെളിയിക്കുകയുണ്ടായി. തറയിൽനിന്ന് അവിടുത്തെ പല്ലു കൊണ്ട് ഹാൻഡ് കർച്ചീഫ് എടുക്കുന്നതിനു പകരം, അവിടുന്ന് സ്വന്തം കൺപീലികളുപ യോഗിച്ച് തറയിൽനിന്ന് ഒരു സൂചി എടുത്തു, അതേസമയം ഒരു കുപ്പി അവിടുത്തെ ശിരസ്സിൽ ബാലൻസ് ചെയ്യുകയും ചെയ്തു.

മറ്റൊരു സംഭവം, സ്കൂൾ വാർഷികച്ചടങ്ങിൽ സംഭവിച്ചതാണ്- സത്യന്റെ വൈവിധ്യ പൂർണമായ നൈപുണികൾ അന്ന് പ്രദർശിപ്പിക്കപ്പെടുകയുണ്ടായി. ഋഷ്യേന്ദ്രമണി എന്നു പേരുള്ള, പ്രസിദ്ധയായ നടിയും നർത്തകിയുമായിരുന്നു ഫണ്ട് സ്വരൂപണ ചടങ്ങിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നത്. എല്ലാ ക്രമീകരണങ്ങളും ചെയ്യപ്പെട്ടു, ടിക്കറ്റൊക്കെ വിറ്റുപോയി, ആളുകളൊക്കെ തടിച്ചു കൂടാൻ തുടങ്ങിയിരുന്നു, വലിയ ആൾക്കൂട്ടത്തെയാണ് പ്രതീക്ഷി ച്ചിരുന്നത്. അവസാന നിമിഷം, അനാരോഗ്യം കാരണം തനിക്ക് നൃത്തം ചെയ്യാനായി വരാനാവില്ലെന്ന് നർത്തകി അറിയിച്ചു. അവരുടെ പേര് ഋഷ്യേന്ദ്രമണി എന്നാണ്. ഋഷ്യേ ന്ദ്രമണി വന്നില്ല എന്നത്, നിരാശരായ ആൾക്കൂട്ടത്തിന്റെ ഭാഗത്തുനിന്നും പ്രശ്നമുണ്ടാക്കി യേക്കും. സത്യൻ ഈ സാഹചര്യത്തിൽനിന്ന് രക്ഷ ഉറപ്പു നൽകുകയുണ്ടായി, ഋഷ്യേന്ദ്രമ ണിയുടെ സ്ഥാനത്ത് തനിക്ക് നൃത്തം ചെയ്യുന്നതിന് സന്തോഷമേയുള്ളൂ എന്ന് അറിയി ച്ചു. നിരാശരായ സ്കൂൾ അധികാരികൾ, മറ്റു പോംവഴികളില്ലാത്തതിനാൽ, ഉടനടി അത് അംഗീകരിച്ചു. ആ നർത്തകിയുടെ നൃത്തം സംബന്ധിച്ച സവിശേഷ കാര്യം എന്നത്, അവളുടെ തലയിൽ വച്ചിരിക്കുന്ന ഒരു കുപ്പിയുടെ മുകളിലായി കൃത്യമായി ബാലൻസ് ചെയ്യുന്ന, ഒരു ദീപം കത്തിച്ചു വച്ചിരിക്കുന്ന പ്ലേറ്റുമായാണ് നൃത്തം എന്നതാണ്!

സത്യൻ ഈ നൃത്തം അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ, സദസ്യർ ഒന്നടങ്കം കരഘോഷ ത്തോടെ ആരവം മുഴക്കി. നിലവാരം പുലർത്തുന്ന ഒരു ജീവചരിത്രക്കുറിപ്പനുസരിച്ച്, ജില്ലാ കളക്ടർ-ഒരു ബ്രിട്ടീഷ് ഓഫീസർ-നർത്തകിക്ക് ഒരു മെഡൽ സമ്മാനിക്കുന്നതിനാ യി, അത് അവളുടെ കഴുത്തിൽ ഇട്ടുകൊടുക്കുന്നതിന്റെ കൗതുകത്തോടെ, ഉടൻതന്നെ സ്റ്റേജിലേക്ക് ചെന്നു. ഭാരതസ്ത്രീകൾ ആരും, അവരെ സ്പർശിക്കാനായി ഒരു അപരിചി തനെ അനുവദിക്കാത്തതു കാരണം, മെഡൽ തന്റെ കൈവശം തന്നാൽ മതിയെന്ന് നർത്തകി നിർബന്ധം പറഞ്ഞു. പാവം കളക്ടർ നിരാശനായി തിരിച്ചു പോന്നു, ആ യുവ തിയുടെ കരങ്ങൾ ഒരു കൊച്ചു പയ്യന്റേതാണെന്ന് തിരിച്ചറിയാതെ.

രാമസുബ്ബമ്മ, ജില്ലാ എഡ്യൂക്കേഷൻ ബോർഡ് പ്രസിഡണ്ട്, രണ്ടാം ദിവസത്തെ ചടങ്ങിൽ വച്ച്, സമ്മാനവിതരണം നടത്തി. തലേദിവസം പ്രകടനം കാഴ്ച വച്ച നടിയെ അഭിനന്ദിച്ചു

കൊണ്ട് അവർ സംസാരിച്ചു, സ്കൂൾ കെട്ടിട ഫണ്ട് ആ കൊച്ചു നർത്തകിയുടെ സഹായം കൊണ്ട് നല്ല രീതിയിൽ കൂടി എന്ന് പറയുകയുണ്ടായി.

അവളെ ആദരിക്കുന്നതിനായി, നടിക്ക് ഒരു പട്ടുസാരി സമ്മാനിക്കാൻ താൻ ആഗ്രഹിക്കുന്നതായി അവർ പ്രഖ്യാപിച്ചു. നടിയുടെ പേര് വിളിക്കപ്പെട്ടു, സ്റ്റേജിലേക്ക് വരുന്നതിനുള്ള ക്ഷണവും. സദസ്യർ അവളുടെ രൂപം ഒന്നു കാണുന്നതിനായി പ്രതീക്ഷയോടെ കാത്തിരുന്നു. കാത്തിരിക്കുന്ന സദസ്സിന് ഇടയിലൂടെ സ്റ്റേജിലേക്ക് നടന്ന സത്യനെ പോലീസ് തടഞ്ഞു, അവിടുന്ന് നടിച്ച റോളിനെപ്പറ്റി അവർക്ക് യാതൊരു ധാരണയും ഉണ്ടായിരുന്നില്ലല്ലോ.

ഹെഡ്മാസ്റ്റർ അവനെ രക്ഷിച്ചു, അവനെ സ്റ്റേജിലേക്ക് കൂട്ടിക്കൊണ്ടു വന്നു, നടിയുടെ വേഷത്തിൽ വന്ന് തങ്ങളെ രക്ഷിച്ചത് സത്യനാണെന്ന് അഭിമാനപൂർവം പ്രഖ്യാപിക്കുകയുണ്ടായി. നോക്കൂ! രാമസുബ്ബമ്മ സത്യനെ അവന്റെ പ്രകടനത്തിന് അഭിനന്ദിക്കുകയുണ്ടായി, അവനോട് വലിയ സ്നേഹവും പരിഗണനയുമായിരുന്നു അദ്ദേഹത്തിന്. തന്റെ സ്കൂൾ തന്റെ കുടുംബത്തിൽ നിന്ന് വ്യത്യസ്തമായി സത്യൻ കണക്കാക്കാതിരുന്നതിനാൽ, ആ ചെറുപ്രായത്തിൽ പോലും, സ്വന്തം സ്കൂളിന്റെയും സ്വന്തം അധ്യാപകരുടെയും അന്തസ്സ് നിലനിർത്തേണ്ട കടമ അവിടുന്ന് സ്വയം ഏറ്റെടുക്കുകയാണുണ്ടായത്.

നേരമായപ്പോൾ, ബുക്കപട്ടണം സ്കൂളിൽ നിന്ന് യോഗ്യതാ പരീക്ഷയ്ക്ക് ഇരിക്കാനാവശ്യമായ മിനിമം ഹാജർ സത്യന് ഉണ്ടായിരുന്നില്ല. എന്തായാലും, അവൻ അടുത്ത കൊല്ലം ഈ എലിമെന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ(ESLC) എഴുതുകയുണ്ടായി.

ആ പരീക്ഷയുടെ കേന്ദ്രം ആ ഭാഗത്ത് പെനുക്കൊണ്ട മാത്രമായിരുന്നതുകൊണ്ട്, വിദ്യാർത്ഥികൾക്ക് അവിടേക്ക് പോകേണ്ടിയിരുന്നു. സത്യനും മറ്റ് പോംവഴിയില്ലായിരുന്നു. വർഷങ്ങൾക്കു ശേഷം അവിടുന്ന് ഈ സംഭവം ഇപ്രകാരം സ്മരിക്കും:

“ഈ പരീക്ഷ പെനുക്കൊണ്ടയിലാണ് നടത്തപ്പെട്ടിരുന്നത്. അക്കാലത്ത്, പെനുക്കൊണ്ടയിൽ പോകുകയെന്നാൽ അമേരിക്കയിലേക്കോ റഷ്യയിലേക്കോ പോകുന്നതുപോലെയായിരുന്നു. അത് ഭയവും ആധിയും സൃഷ്ടിച്ചിരുന്നു. ബുക്കപട്ടണത്തിലേക്ക് പോകാനായി റോഡുകളോ ബസ്സുകളോ ഉണ്ടായിരുന്നില്ല.”

“പെനുക്കൊണ്ട, എന്നിരുന്നാലും, അതുവഴി കടന്നുപോയ റെയിൽവേ ലൈൻ വഴി മറ്റ് പ്രധാന സ്ഥലങ്ങളുമായി ബന്ധിപ്പിക്കപ്പെട്ടിരുന്നു. റെയിൽവേയുടെ ട്രെയിനിനെ കുറിച്ച് ആളുകൾ ഭയത്തോടെയാണ് സംസാരിക്കുക. ഗ്രാമങ്ങളിൽനിന്നും അവർ അതു കാണുന്നതിനായി കാളവണ്ടികളിൽ വരും. അതിന് ഒറ്റക്കണ്ണാണെന്നാണ് അവർ പറയുക. വളരെ

നീണ്ട ഒരു സിലിണ്ടർ പോലെ അതോടും, സ്വന്തം നിലയ്ക്ക് പ്രത്യക്ഷമാവുകയും അപ്രത്യക്ഷമാവുകയും ചെയ്യും.''

''ഈ ശരീരത്തിന് ജന്മമേകിയ മാതാവിന്(അതായത്, സ്വാമിയുടെ അമ്മ), ഓരോ ദിവസവും അവരുടെ മകനെ പുട്ടപർത്തിയിൽനിന്നും വിദൂരമായ ബുക്കപട്ടണത്തിലേക്ക് അയയ്ക്കുന്നതിൽ വളരെ ആധിയായി. അവർ കുറച്ച് ഭക്ഷണം ഒരു പൊതി കെട്ടി അവന്റെ കൈവശം കൊടുക്കും. അക്കാലത്ത് സ്റ്റീൽ ചോറ്റുപാത്രമൊന്നുമില്ല, അത്തരം പൊതിച്ചോറ് കരുതുക എന്നതായിരുന്നു മുൻ രീതി.''

''മാതാവ് കടലച്ചമ്മന്തിയും റാഗി ബോളും തയ്യാറാക്കും. അവരത് ഒരു പഴന്തുണിയിൽ കെട്ടി എന്റെ ബാഗിൽ വയ്ക്കും. ഉച്ചഭക്ഷണ ഇടവേള അനൗൺസ് ചെയ്യപ്പെടുമ്പോൾ, കുട്ടികൾ വാട്ടർ ടാങ്കിനടുത്തേക്ക് ഓടും. തുണിയിൽ പൊതിഞ്ഞ ഭക്ഷണം അതിലൊട്ടിപ്പിടിച്ചിട്ടുണ്ടാവും, ഭക്ഷണവും തുണിയും തമ്മിൽ വേർപെടുത്താനായി ഞാനത് അപ്പാടെ വെള്ളത്തിൽ മുക്കും. ഈ പരിപാടിയൊക്കെ കഴിയുമ്പോഴേക്കും, ഉച്ചഭക്ഷണ ഇടവേള തീർന്നിട്ടുണ്ടാവും.''

''പെനുക്കൊണ്ടയിലേക്ക് പോകാനുള്ള സമയം അടുക്കുന്തോറും, കുടുംബം കണ്ണീരിലായി. വെങ്കമ്മയും പാർവതമ്മയും മറ്റുള്ളവരും, പെനുക്കൊണ്ട വളരെ അകലെയാണെന്ന ചിന്തയിലായിരുന്നു. അക്കാലത്തെ അവസ്ഥ അപ്രകാരമായിരുന്നു. എന്നെ പെനുക്കൊണ്ടയിലേക്ക് അയയ്ക്കുന്നത് എന്നെ ഒരു വിദേശരാജ്യത്തേക്ക് അയയ്ക്കുന്നതു പോലെയായിരുന്നു!'' ഇപ്രകാരമാണ് ബാബ പറഞ്ഞത്.

''പെനുക്കൊണ്ടയിലേക്കുള്ള യാത്രയുടെ തയ്യാറെടുപ്പുകൾ ആരംഭിച്ചു. ഞങ്ങൾ എട്ടു പേർ ബുക്കപട്ടണത്തിൽനിന്ന് പെനുക്കൊണ്ടയിലേക്ക് കാളവണ്ടിയിൽ പോകുന്നതിന് പ്ലാൻ ചെയ്തു. ഒരു അധ്യാപകനും ഞങ്ങൾക്കൊപ്പം വരാമെന്ന് സമ്മതിച്ചു. റോഡ് വളരെ മോശമായിരുന്നു-ഒരു മൈൽ ദൂരം ഞങ്ങൾ കാളവണ്ടിയിൽ പോകും, പിന്നെ അഞ്ച് മൈൽ നടക്കും. കാളവണ്ടിയിൽ കയറിയും വീണ്ടും അതിൽനിന്നിറങ്ങിയുമാണ് ഞങ്ങളുടെ കൂടുതൽ സമയവും ചെലവായത്. ഒരു പക്ഷേ, മുഴുവൻ ദൂരവും നടക്കുന്നതായിരുന്നു തമ്മിൽ ഭേദം.

''ഞങ്ങളുടെ അധ്യാപകൻ നല്ലവനായിരുന്നതിനാൽ, റോഡ് മോശമാവുമ്പോൾ ഓരോ വിദ്യാർത്ഥിയും കാളവണ്ടിയിൽ നിന്ന് ഇറങ്ങുന്നതിന് അദ്ദേഹം സഹായിച്ചു. അതുപോലെ, റോഡിന്റെ അവസ്ഥ ഭേദമാവുമ്പോൾ, അദ്ദേഹം ഓരോ വിദ്യാർത്ഥിയെയും

എടുത്തു പൊക്കി കാളവണ്ടിയിൽ കയറ്റും! ഈ രീതിയിൽ, അദ്ദേഹം വളരെ കഷ്ടപ്പെട്ടു.''

''നിങ്ങൾ എന്റെ ഇപ്പോഴത്തെ ഉയരം കാണൂ!'' ബാബ പറയുന്നു. ''എനിക്കന്ന് ഇതിലും പൊക്കം കുറവായിരുന്നു. എന്റെയൊപ്പം വന്നവരും ചെറുതായിരുന്നു! ഞങ്ങൾ വെളുപ്പിന് 5.00 മണിക്ക് പുറപ്പെട്ടു, നീണ്ട പകൽ മുഴുവനും ഇപ്രകാരം സഞ്ചരിച്ച്, രാത്രി 9.00 മണിക്ക് പെനുക്കൊണ്ടയിൽ എത്തിച്ചേർന്നു. അവിടെ യാതൊരു സൗകര്യങ്ങളും ഉണ്ടായിരുന്നില്ല-ഒരു ബസ് സ്റ്റാൻഡോ വിശ്രമിക്കാനായി ഒരിടമോ ഇല്ല!

അവിടെ പെനുക്കൊണ്ടയ്ക്ക് പുറത്തായി ഒരു മാന്തോട്ടമുണ്ടായിരുന്നു, ഞങ്ങൾ അവിടെ തങ്ങി. രാത്രിയിൽ ഞങ്ങൾ കാളവണ്ടിയുടെ അടിയിൽ കിടന്നുറങ്ങി. അരിയും മുളകുപൊടിയും ഏതാനും മസാലകളും ഞങ്ങൾ കൂടെ കൊണ്ടുപോന്നിരുന്നു. ഞങ്ങൾ ചോറ് വച്ചുണ്ടാക്കി, പൊടികളൊക്കെ അതിൽ ചേർത്ത് കഴിച്ചു. രണ്ടു ദിവസം ഞങ്ങൾ ഇപ്രകാരം കഴിച്ചുകൂട്ടി, പരീക്ഷ എഴുതി, വീട്ടിലേക്ക് മടങ്ങി!''

ഇതിനിടയ്ക്ക്, ശേഷമ്മ രാജു, അവിടുത്തെ മൂത്ത സഹോദരൻ, ഭാഷയിലും സാഹിത്യത്തിലും തെലുങ്ക് വിദ്വാൻ യോഗ്യത നേടുകയുണ്ടായി. അദ്ദേഹത്തിന് ബുക്കപട്ടണത്തിലെ സ്കൂളിൽ അധ്യാപകജോലി തരപ്പെട്ടു, അവിടെ താമസമായിരുന്നു. സ്കൂൾ കൂട്ടുകാരാൽ 'രാജു' എന്ന് അപ്പോൾ വിളിക്കപ്പെട്ടിരുന്ന സത്യൻ പുട്ടപർത്തിയിൽ താമസിച്ചു, തന്റെ സഹോദരന്റെ വസതിയും ഇടയ്ക്കിടെ സന്ദർശിക്കുമായിരുന്നു അവൻ.

നിങ്ങൾക്കറിയാവുന്നതുപോലെ, അവിടുന്നിനെ മുമ്പ് സത്യൻ എന്നാണ് വിളിക്കപ്പെട്ടിരുന്നതെങ്കിൽ, ഇപ്പോൾ മുതൽ 'രാജു'വാണ് അവിടുന്ന്. ബുക്കപട്ടണം സ്കൂളിൽ ഏറ്റവും ഉയർന്നത് 8-ാം ക്ലാസ് ആയിരുന്നതിനാൽ, ശേഷമ്മ രാജു അവനെ, പുട്ടപർത്തിയിൽനിന്ന് 139 കി.മീ. ദൂരത്തുള്ള ഉറവക്കൊണ്ടയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതിന് തീരുമാനിച്ചു, അവിടെ അദ്ദേഹത്തിന് അധ്യാപകനായി ജോലി കിട്ടിയപ്പോൾ. തന്നെയുമല്ല, ഉറവക്കൊണ്ടയിലേക്ക് മാറുന്നത്, 'രാജു'വെന്ന് വിളിക്കപ്പെട്ടിരുന്ന സത്യനിൽ പുട്ടപർത്തിയിൽവച്ച് പ്രകടമാക്കപ്പെട്ടിരുന്ന അസാധാരണശക്തികളെ സാധാരണ നിലയിലാക്കും എന്ന് കുടുംബവും കരുതുകയുണ്ടായി.

റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിലൊന്ന് നടന്നത് വടക്കൻ മൺസൂൺ സീസണിലായിരുന്നു. രാജുവിന്റെ സഹോദരി വെങ്കമ്മ  ഒരു വീട് പണിയുകയായിരുന്നു, ഒരു വലിയ ഭിത്തി അപ്പോഴും തീരാനുണ്ട്, ഇഷ്ടികകൾക്ക് നനവുണ്ടായിരുന്നു, ചുടുന്നതിനായി കാക്കുക

യാണ്. ആകാശം കറുത്തിരുണ്ട് ഭീഷണമായി. ഒരു മഴ ഉറപ്പായും ആ ഇഷ്ടികകളെ ഒരു വലിയ കളിമൺ കൂമ്പാരമാക്കി മാറ്റും.

ഇഷ്ടിക ഉണങ്ങിയ കരിമ്പോല ഇട്ട് മൂടുന്നതിന് സഹായിയായ ഒരു അയൽവാസി വെങ്കമ്മയെ ഉപദേശിക്കുകയുണ്ടായി, ചിത്രാവതിക്കപ്പുറം വസിക്കുന്ന ഒരു സുഹൃത്തിനോട് അത് തരുന്നതിന് ഏർപ്പാട് ചെയ്യുകയുമുണ്ടായി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉള്ള നീണ്ട നിര, മണൽത്തിട്ടയിലൂടെ ധൃതിവച്ച് നടന്നു, രാജു ഏറ്റവും അവസാന നിമിഷത്തിലാണ് ചേർന്നത്. എന്നാൽ, അവർ നദിക്കരയുടെ നടുവിലെത്തിയപ്പോൾ, എല്ലാവരോടും നിൽക്കാനായി അവിടുന്ന് ആവശ്യപ്പെട്ടു. അവിടുന്ന് അവിടുത്തെ സഹോദരിയെ വിളിച്ചു, "വെങ്കമ്മാ!", അവിടുന്ന് പറഞ്ഞു, "വാന രാദു! മഴ പെയ്യില്ല!"



ഒരു നിമിഷനേരത്തേക്ക് അവിടുത്തെ ചെറു കൈവെള്ളകൾ ഇരുണ്ട വാനത്തിനെതിരായി ഉയർത്തി, രാജുവിൽനിന്ന് പതിയ ശബ്ദത്തിൽ ഏതാനും വാക്കുകൾ പുറപ്പെട്ടു. കാറ്റിനു മീതെ, ഉയരെ, മേഘങ്ങളും മഴയും അനുസരിച്ചു! മേഘങ്ങൾ ചിതറിനീങ്ങുന്നത് ആശ്ചര്യഭരിതരായ ജനക്കൂട്ടം വീക്ഷിച്ചു. പകൽ തെളിഞ്ഞു, ഭീഷണി ഒഴിഞ്ഞുപോയി. ഓലക്കെട്ടില്ലാതെ എല്ലാവരും വീടുകളിലേക്ക് തിരിച്ചുപോന്നു.



Baba's words abating the storm and floods and saving the village from their fury.

രാജുവിന്റെ കലാനൈപുണികൾ വാണിജ്യ പരസ്യങ്ങളിലും സ്കൂൾ സ്റ്റേജിലും ഒതുങ്ങിനിന്നില്ല, അവയ്ക്കപ്പുറത്തേക്ക് പോയി. ഒരു കൊച്ചു കുട്ടി എന്ന നിലയിൽപ്പോലും, പരമ്പരാഗത വസ്ത്രധാരണ ശൈലിയിൽ വന്നുചേർന്ന മാറ്റങ്ങളെപ്പറ്റി ആക്ഷേപഹാസ്യങ്ങൾ ഒക്കെ രചിക്കുന്നതിൽ ഭയരഹിതനായിരുന്നു അവിടുന്ന്. അക്കാലത്തെപ്പറ്റി പരാമർശിച്ചുകൊണ്ട് ബാബ പിൽക്കാലത്ത് സംസാരിക്കാറുണ്ടായിരുന്നു. സ്വാമി പറയുന്നത് എന്തെന്നു നോക്കൂ! അക്കാലത്ത് ഗ്രാമമുഖ്യൻ ഒരു ദുർവൃത്തനായിരുന്നു, അയാൾ അധാർമ്മിക വൃത്തികളിൽ ഏർപ്പെട്ടിരുന്നു, അങ്ങനെ അയാളുടെ

സമയം പാഴാക്കിയിരുന്നു. അയാളുടെ തെറ്റുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് സ്വാമി ഒരു ഗാനം രചിച്ച് അയാളുടെ ഭവനത്തിനു മുമ്പിൽവച്ച് പാടുകയുണ്ടായി, എല്ലാവരും അത് കേട്ടു, ആ മനുഷ്യനെ അത് നന്നാക്കി.

ആ ഗാനം ഇപ്രകാരം പറയുന്നു,

ദുർവൃത്തരായ സ്ത്രീകളുടെ
സംസർഗം വെടിയൂ,
അല്ലെങ്കിൽ
നിങ്ങൾ സ്വയം തരം താഴും!
നിങ്ങളുടെ ജാതി
നിങ്ങളോട് ക്ഷമിക്കില്ല.
നിങ്ങളുടെ ബന്ധുക്കൾ
നിങ്ങളെ പുറത്താക്കും!
നിങ്ങളുടെ സുഹൃത്തുക്കൾ
നിങ്ങളെ ചെരിപ്പിനടിക്കും!

ഗാനത്തിന്റെ പൊരുൾ ഇപ്രകാരമായിരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി! നമുക്ക് പിന്നീട് കാണാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)